പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **2151**

**16.08.2017** ൽ മറുപടിക്ക്

## ഖനന നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി. തോമസ്<br>ശ്രീ.വി.ടി.ബൽറാം | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ ഖനനനിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് വേണ്ടി 28.12.2016-ൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങളിൽ ഐറ്റം നമ്പർ iii,v,vi,vii എന്നിവയിന്മേൽ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (എ) 28.12.2016 ൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങളിൽ ഐറ്റം നമ്പർ iii പ്രകാരം കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ പെർമിറ്റ് കാലാവധി പരമാവധി 5 വർഷമാക്കി ഭേദഗതി വരുത്തിയിട്ടുണ്ട്. ഐറ്റം നമ്പർ v – ൽ പറയുന്ന പ്രകാരം പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിങ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തുകയും, റിമോർട്ട് സെൻസിങ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ടി സ്ഥാപനം തൃശ്ശൂർ ജില്ലയിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ തുടർ പഠനം മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നടത്തിയിട്ടുണ്ട്. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കൂടി പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഐറ്റം നമ്പർ vi- ൽ പറയുന്ന പ്രകാരം ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഐറ്റം നമ്പർ vii -ൽ പ്രതിപാദിക്കുന്ന ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്ത് സ്റ്റേ സമ്പാദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**